പ്രേഷിത

16/6/2017

വിദ്യാഭ്യാസ ഉപ ഡയറക്ടർ

തൃശ്ശൂർ

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

(തൃശ്ശൂർ, ഇരിങ്ങാലക്കുട, ചാവക്കാട്)

എല്ലാ പ്രധാന അധ്യാപകർക്കും

(ഗവൺമെന്റ്, എയ്ഡഡ് ഹൈസ്കൂൾസ്)

സർ,

വിഷയം: ആർ.എം.എസ്.എ - അടൽ ടിങ്കറിംഗ് ലാബ് - സ്ക്കൂളുകളുടെ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 28/04/2017 ലെ 646/പി4/ആർ.എം.എസ്.എ/2017- സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കത്ത്.

അടൽ ടിങ്കറിംഗ് ലാബിനായി അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് ലിങ്ക് പ്രവർത്തനസജ്ജമായിട്ടുണ്ട്. അപേക്ഷിക്കേണ്ട വിധം വിവരിക്കുന്ന യൂസർ മാനുവൽ ഇതോടൊപ്പം അയയ്ക്കുന്നു. ജില്ലയിലെ അപേക്ഷയോഗ്യമായ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹൈസ്ക്കൂളുകളും അപേക്ഷിക്കേണ്ടതാണ്. മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ എം.എൽ.എ. മാർ നിർദ്ദേശിച്ച സ്കൂളുകളുടേയും, ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന സ്കൂളുകളുടെ ലിസ്റ്റും ഇതോടൊപ്പം അയയ്ക്കുന്നു. ലിസ്റ്റിലുള്ള എല്ലാ സ്ക്കൂളുകളും നിർബന്ധമായും ഇതിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ ആർ.എം.എസ്.എ തൃശ്ശൂർ ജില്ലാ പ്രോജക്ട് ഓഫീസിലേക്ക് ആയതിന്റെ റിപ്പോർട്ട് ജൂൺ 24 നു മുമ്പ് എത്തിക്കേണ്ടതുമാണെന്ന് അറിയിക്കുന്നു. ഈ വിഷയത്തിൽ വീഴ്ച ഉണ്ടാകാത്ത വിധം പ്രധാന അധ്യാപകന്റെ പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

Sd/-

വിദ്യാഭ്യാസ ഉപഡയറക്ടർ

തൃശ്ശൂർ

A3/PDL/17 തീ. തി /6/17

എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും തുടർനടപടികളിലേക്കുമായി നൽകുന്നു.

DEO, TCR

20/6/17

Scanned by CamScanner